REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-02-2026 സമയം 1.50 PM

## പ്രധാന വാർത്തകൾ

- ശേഷിവർധനയിലും പരിഷ്കാരങ്ങളിലും ശ്രദ്ധകേന്ദ്രീകരിക്കുന്ന കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു.
- രാജ്യത്തെ നികുതി നടപടികൾ ലളിതമാക്കുമെന്ന് ധനമന്ത്രി. പുതിയ ആദായ നികുതി നിയമം ഏപ്രിൽ ഒന്നിന് പ്രാബല്യത്തിൽ വരും.
- ധാതു വിഭവ ഇടനാഴിയിൽ കേരളത്തിനും ഇടം. രാജ്യത്ത് പുതുതായി ഏഴ് അതിവേഗ റെയിൽ ഇടനാഴി.
- കേന്ദ്രബജറ്റ് കേരളത്തോട് കടുത്ത അവഗണനയാണ് കാണിച്ചതെന്ന് മന്ത്രി P.രാജീവ്. എയിംസും അതിവേഗ റെയിൽപാതയും ഇല്ലെന്നും മന്ത്രി.
- സംസ്ഥാന ബജറ്റിന്മേൽ നിയമസഭയിൽ നാളെ പൊതുചർച്ച പുനഃരാരംഭിക്കും.

## വാർത്തകൾ വിശദമായി

ശേഷിവർധനയിലും പരിഷ്കാരങ്ങളിലും ശ്രദ്ധകേന്ദ്രീകരിക്കുന്ന 2026-27 ബജറ്റ് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. രാജ്യത്തിന്റെ സാമ്പത്തിക പരിഷ്കരണം പ്രധാനമാണെന്നും കയറ്റുമതിയിൽ റെക്കോർഡ് വളർച്ച നേടാനായെന്നും നിർമ്മല സീതാരാമൻ പറഞ്ഞു. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കൊപ്പമാണ് കേന്ദ്രഗവൺമെന്റെന്നും

രാജ്യം സുസ്ഥിര വികസനപാതയിലാണെന്നും ധനമന്ത്രി വ്യക്തമാക്കി. ധാതു വിഭവ ഖനന ഇടനാഴിയാണ് ബജറ്റിൽ കേരളത്തിന് ലഭിച്ച പ്രധാന പദ്ധതി.

ഇന്ത്യയെ ബയോഫാർമ ഹബ്ബാക്കി മാറ്റുമെന്നും ഇതിന് ബജറ്റിൽ 10,000 കോടി രൂപ നീക്കിവെക്കുമെന്നും ധനമന്ത്രി പറഞ്ഞു. ചിപ്പ് നിർമ്മാണ രംഗത്ത് ഇന്ത്യയെ ലോക ശക്തിയാക്കാൻ, ലക്ഷ്യമിട്ട് സെമികണ്ടക്ടർ മിഷന് 40,000 കോടി രൂപയും നീക്കിവെച്ചു. ഇക്കാര്യത്തിൽ വിദേശ രാജ്യങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കാൻ മിഷന് കഴിയുമെന്ന് ധനമന്ത്രി പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്................

(വോയ്സ്)

കേരളത്തെയും തമിഴ്നാടിനെയും ധാതു വിഭവ ഖനന ഇടനാഴിയിൽ ഉൾപ്പെടുത്തുന്നതായി കേന്ദ്രബജറ്റിൽ നിർമല സീതാരാമൻ പ്രഖ്യാപിച്ചു. തമിഴ്നാട്, ഒഡിഷ, ആന്ധ്ര എന്നിവയാണ് അപൂർവ ധാതു വിഭവ ഇടനാഴിയിൽ സ്ഥാനം നേടിയ മറ്റ് സംസ്ഥാനങ്ങൾ. ധാതു ഘനനം, ഗവേഷണ, ഉത്പാദനം എന്നിവയ്ക്ക് ഈ സംസ്ഥാനങ്ങൾക്ക് പ്രത്യേകം തുക വകയിരുത്തി.

ചെറുകിട വ്യവസായങ്ങളുടെ വളർച്ചക്ക് 10,000 കോടി രൂപയും വകയിരുത്തി. സൂക്ഷ്മ സംരംഭങ്ങൾക്ക് 2,000 കോടി രൂപയും വകയിരുത്തി. ക്യാൻസർ - പ്രമേഹ മരുന്നുകളുടെ വില കുറയും. 17 അർബുദ മരുന്നുകൾക്ക് കസ്റ്റംസ് തീരുവ കുറച്ചു.

അഞ്ച് വർഷത്തിനകം 12 പുതിയ ജലപാതകൾ കൊണ്ടുവരുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചു. നഗര വികസനത്തിന് 5000 കോടി രൂപയും, അടിസ്ഥാന സൗകര്യ വികസനത്തിന് 12.5 കോടി രൂപയും നീക്കി വെച്ചു.

അന്താരാഷ്ട്ര വ്യാപാര മേഖലയിൽ ചരക്കു നീക്കം സുഗമമാക്കാൻ രാജ്യത്ത് തന്നെ കണ്ടെയ്നറുകൾ നിർമ്മിക്കുന്നതിന് 10,000 കോടി രൂപ വകയിരുത്തി. അടുത്ത അഞ്ച് വർഷത്തേക്കാണ് പദ്ധതി. ചൈന ഉൾപ്പെടെ രാജ്യങ്ങളിൽ നിന്ന് കണ്ടെയ്നർ ഇറക്കുമതി കുറയ്ക്കാൻ പദ്ധതിയിലൂടെ കഴിയുമെന്നും ധനമന്ത്രി വ്യക്തമാക്കി.

✪✪✪

രാജ്യത്തെ നികുതി നടപടികൾ ലളിതമാക്കുമെന്ന് ധനമന്ത്രി ബജറ്റിൽ അറിയിച്ചു. ആദായ നികുതി ഘടനയിൽ മാറ്റമില്ല. പുതിയ ആദായ നികുതി നിയമം ഏപ്രിൽ ഒന്നിന് പ്രാബല്യത്തിലാകുമെന്നും നിർമ്മല സീതാരാമൻ അറിയിച്ചു. വാഹനാപകടങ്ങളിലെ നഷ്ടപരിഹാര തുകയ്ക്ക് നികുതി ഒഴിവാക്കി.

(HOLD FOR VOICE)

ആരോഗ്യ - മെഡിക്കൽ ടൂറിസത്തിന് അഞ്ച് പ്രാദേശിക മെഡിക്കൽ ഹബ്ബുകളും ബജറ്റിൽ പ്രഖ്യാപിച്ചു. സ്വകാര്യ പങ്കാളിത്തത്തോടെയായിരിക്കും പദ്ധതി നടപ്പാക്കുകയെന്നും ധനമന്ത്രി അറിയിച്ചു.

(HOLD FOR VOICE)

രാജ്യത്ത് പുതുതായി ഏഴ് അതിവേഗ റെയിൽ ഇടനാഴിയും ബജറ്റിൽ പ്രഖ്യാപിച്ചു.

(HOLD FOR VOICE)

✪✪✪

രാജ്യത്തിന്റെ പ്രാദേശിക പരമ്പരാഗത മേഖലകൾക്ക് ഊന്നൽ നൽകുന്നതാണ് ബജറ്റ്. കടലാമകളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കാൻ കേരളം അടക്കം സംസ്ഥാനങ്ങളിൽ പദ്ധതികളും ബജറ്റിൽ അവതരിപ്പിച്ചു.

ന്യൂസ് ഡെസ്കിൽനിന്ന് കൂടുതൽ വിവരങ്ങൾ...............

(വോയ്സ്)

രാജ്യത്ത് മൂന്ന് ആയുർവേദ എയിംസ് കൊണ്ടുവരുമെന്ന് ധനമന്ത്രി അറിയിച്ചു. ഖാദി, കൈത്തറി വ്യവസായ മേഖലയ്ക്ക് 10,000 കോടി രൂപയും മൂന്നാം നിര നഗര വികസനത്തിന് 5000 കോടി രൂപയും വകയിരുത്തി. രാജ്യത്തെ വസ്ത്ര നിർമ്മാണ മേഖലയെ ആധുനിക വത്കരിക്കാനും നെയ്ത്തുകാർക്കും തൊഴിലാളികൾക്കും നൈപുണ്യ വികസനം ഉറപ്പാക്കാനും 'സമർത്ഥ് 2.O' പദ്ധതി പ്രഖ്യാപിക്കുമെന്ന് ബജറ്റിൽ നിർമല സീതാരാമൻ അറിയിച്ചു. ലോക വിപണയിൽ ഇന്ത്യൻ വസ്ത്രങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനും കയറ്റുമതി ഉയർത്താനും സമർത്ഥിന് കഴിയുമെന്ന് ധനമന്ത്രി വ്യക്തമാക്കി.

നാളികേര ഉത്പാദന സംസ്ഥാനങ്ങൾക്ക് നാളികേര വികസനത്തിനും കയറ്റുമതിക്കും പ്രത്യേക പ്രോത്സഹാനം നൽകുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചു.

✪✪✪

ഭൗമ രാഷ്ട്രീയ അനിശ്ചിതത്വങ്ങൾക്കിടയിലും കേന്ദ്രഗവൺമെന്റ് എല്ലാ മേഖലകളിലും ആത്മനിർഭർ ഭാരതം എന്ന കാഴ്ചപ്പാട് ഉറപ്പാക്കിയിട്ടുണ്ടെന്ന് ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. 2047ലെ വികസിത ഭാരതമെന്ന ലക്ഷ്യത്തിന്റെ സ്ഥിരതയാണ് രാജ്യത്തിന്റെ സാമ്പത്തിക പാത അടയാളപ്പെടുത്തുന്നതെന്ന് ബജറ്റ് അവതരിപ്പിക്കവെ ധനമന്ത്രി വ്യക്തമാക്കി. സബ് കാ സാത്, സബ് കാ വികാസ് എന്ന മുദ്രാവാക്യത്തോടെ സാമ്പത്തിക വളർച്ച ശക്തമാക്കുകയും ത്വരിതപ്പെടുത്തുകയും ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുകയും ചെയ്യുകയാണ് ലക്ഷ്യമെന്ന് നിർമല സീതാരാമൻ പറഞ്ഞു

✪✪✪

അടുത്ത അഞ്ച് വർഷത്തെ കേന്ദ്ര-സംസ്ഥാന നികുതി വരുമാന വിഭജനത്തിന്റെ 16-ാമത് ധനകാര്യ കമ്മീഷൻ റിപ്പോർട്ട് ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. ഭരണഘടനയുടെ 250-ാം വകുപ്പ് പ്രകാരം സ്ഥാപിതമായ ധനകാര്യകമ്മീഷനാണ് കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾക്കിടയിലെ നികുതി വരുമാന വിഭജനം ശിപാർശ ചെയ്യുന്നത്.

✪✪✪

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2026 ജനുവരിയിലെ ആകെ ചരക്ക് സേവന നികുതി വരുമാനം 6.2 ശതമാനം വർധിച്ച് ഒരു ലക്ഷത്തി 93,000 കോടി രൂപയിലധികമായി. 2025 ജനുവരിയിലെ ആകെ GST വരുമാനം ഒരു ലക്ഷത്തി 82,000 കോടി രൂപയിലധികമായിരുന്നു.

✪✪✪

കേന്ദ്ര ബജറ്റ് വളർച്ചയെയും വികസനത്തെയും ലക്ഷ്യം വെക്കുന്നതാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. ഇതൊരു രാഷ്ട്രീയ ബജറ്റല്ലെന്നും രാജ്യത്തെ ജനങ്ങളെ കേന്ദ്രീകരിച്ച ബജറ്റാണെന്നും അദ്ദേഹം പറഞ്ഞു.

ധാതു ഇടനാഴി പ്രഖ്യാപനം കേരളത്തിന് ഗുണകരമെന്ന് NK പ്രേമചന്ദ്രൻ MP അഭിപ്രായപ്പെട്ടു.

കേരളത്തിന് ബജറ്റിൽ ഒന്നുമില്ലെന്നത് തെറ്റായ പ്രചാരണമെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. നേരത്തെ അനുവദിച്ച പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിയില്ലെന്ന് അദ്ദേഹം പറഞ്ഞു.

കേന്ദ്ര ബജറ്റ് കേരളത്തെ  പൂർണമായി തഴഞ്ഞെന്ന് AICC ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ പറഞ്ഞു. ജനപ്രീയ പ്രഖ്യാപനങ്ങളില്ലാത്ത ബജറ്റാണിതെന്നും അദ്ദേഹം ന്യൂഡൽഹിയിൽ അഭിപ്രായപ്പെട്ടു.

✪✪✪

കേന്ദ്രബജറ്റ് കേരളത്തോട് കടുത്ത അവഗണനയാണ് കാണിച്ചതെന്ന് മന്ത്രി P.രാജീവ് ആരോപിച്ചു. സംസ്ഥാനം പ്രതീക്ഷിച്ച എയിംസും അതിവേഗ റെയിൽപാതയും ബജറ്റിൽ പ്രഖ്യാപിച്ചില്ലെന്നും കേന്ദ്രബജറ്റ് നിരാശയാണ് സംസ്ഥാനത്തിന് സമ്മാനിച്ചതെന്നും രാജീവ് മാധ്യമങ്ങളോട് പ്രതികരിച്ചു.

✪✪✪

സംസ്ഥാന ബജറ്റിന്മേൽ നിയമസഭയിൽ നാളെ പൊതുചർച്ച പുനഃരാരംഭിക്കും. ചൊവ്വ, ബുധൻ ദിവസങ്ങളിലും ചർച്ച തുടരും. വ്യാഴാഴ്ച ബജറ്റ് ഉപധനാഭ്യർത്ഥന ചർച്ചയും വോട്ടെടുപ്പും നടത്തും. ഫെബ്രുവരി ആറു മുതൽ 22 വരെ സഭ ചേരില്ല.

23 ന് സഭാസമ്മേളനം പുനഃരാരംഭിക്കും.

✪✪✪

കോസ്റ്റ് ഗാർഡ് സ്ഥാപക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് തുടങ്ങിയവർ  ആശംസ അറിയിച്ചു. രാജ്യത്തിന്റെ തീരങ്ങളിൽ ഉറച്ച കവചമായി കോസ്റ്റ് ഗാർഡ് നിലകൊള്ളുന്നുവെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സമുദ്ര സുരക്ഷ, ദ്രുതഗതിയിൽ ദുരന്ത പ്രതികരണം, സമുദ്ര ആവാസവ്യവസ്ഥയുടെ സംരക്ഷണം എന്നിവയിൽ കോസ്റ്റ് ഗാർഡുകളുടെ അചഞ്ചലമായ പ്രതിബദ്ധതയെ പ്രധാനമന്ത്രി പ്രശംസിച്ചു.

സമാനതകളില്ലാത്ത സമർപ്പണം, ധൈര്യം, വീര്യം എന്നിവയാൽ, തീരങ്ങളുടെ ഉറച്ച കാവൽക്കാരായ കോസ്റ്റ് ഗാർഡ് ഭീഷണികളെ ചെറുത്ത് അഭിമാനത്തോടെ രാജ്യത്തെ സേവിക്കുന്നവരാണെന്ന് രാജ്നാഥ് സിംഗ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പാലക്കാട് ജില്ലയിലെ കാർഷിക മേഖലയ്ക്ക് ഗുണകരമാകുന്ന വിധത്തിൽ മലമ്പുഴ ജലസേചന പദ്ധതിയുടെ ഇടത് കനാൽ സംവിധാനം നവീകരിക്കാൻ നടപടി ആരംഭിച്ചു. ലോകബാങ്ക് സഹായത്തോടെ  കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പദ്ധതിയുടെ ഭാഗമായാണ് നവീകരണം.

കൂടുതൽ വിവരങ്ങളുമായി ഫൈസൽ അലിമുത്ത് ........

(വോയ്സ് .......)

1955-ൽ തുടങ്ങിയ ഈ കനാൽ സംവിധാനത്തിൽ ഇതാദ്യമായാണ് ഏകദേശം 200 കോടിയോളം രൂപയുടെ ഇത്രയും വലിയ നവീകരണം നടക്കുന്നത്. ഇടത് പ്രധാന കനാൽ, ശാഖാ കനാലുകൾ, വയലുകളിലേക്കുള്ള ഫീൽഡ് ചാനലുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നവീകരിക്കും.

അന്താരാഷ്ട്ര നെല്ല് ഗവേഷണ സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ കാലാവസ്ഥാ അനുകൂല കൃഷി രീതികൾ കർഷകരിലേക്ക് എത്തിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.

നവീകരണത്തിന്റെ ഭാഗമായി മുറിച്ചു മാറ്റുന്ന മരങ്ങൾക്ക് ആനുപാതികമായ് 25,000 മരങ്ങൾ നട്ടുപിടിപ്പിക്കുന്ന വനവൽക്കരണവും കേര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നവീകരണത്തിലൂടെ ജലവിതരണത്തിലെ കാര്യക്ഷമത വർധിപ്പിച്ച് വിളവ് മെച്ചപ്പെടുത്തുക എന്നതാണ് ലക്ഷ്യമിടുന്നത്.

✪✪✪

അന്ധ ക്ഷേമ മാസാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഇൻക്ലൂസീവ് സ്പോർട്സ് മേള ആരംഭിച്ചു.

തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ് മൈതാനിയിൽ തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി എം പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. KFB-യും ബ്രണ്ണൻ കോളേജ് NSS യൂണിറ്റും ചേർന്നാണ് കായികമേള സംഘടിപ്പിക്കുന്നത്

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRTs: നിമിഷ ജി, ഹബീബ് റഹ്മാൻ*
*DEO: സി കെ സുബോധ്*